4. 26-2-2014-ലെ സ.ഉ. (കൈ.) നമ്പർ 31/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസ്സായി വർദ്ധിപ്പിച്ചു.

5. 26-3-2014-ലെ സ.ഉ. (കൈ.) നമ്പർ 110/2014/ആ.കു.വ. പ്രകാരം 31-8-2014 വരെ വിരമിക്കുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള (ഹെൽത്ത് സർവ്വീസസ്) ഡോക്ടർമാരുടെ സേവന കാലാവധി 6 മാസം നീട്ടിനൽകി.

6. 27-6-2014-ലെ സ.ഉ. (കൈ.) നമ്പർ 74/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സും മറ്റുവിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 58 വയസ്സുമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കേന്ദ്ര കുടുംബ പെൻഷൻ ഓപ്റ്റ് ചെയ്തവർക്ക് സംസ്ഥാന കുടുംബ പെൻഷൻകൂടി നൽകാനുള്ള പദ്ധതി

143 (6594) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിൽ കേന്ദ്ര ഗവൺമെന്റ് ഫാമിലി പെൻഷൻ ഓപ്റ്റ് ചെയ്ത സർക്കാർ ജീവനക്കാർക്ക് സ്റ്റേറ്റ് ഫാമിലി പെൻഷൻകൂടി നൽകുന്നതിനുള്ള (ഫയൽ No. 19138/B4/2011/Fin.) നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർക്ക് സ്റ്റേറ്റ് ഫാമിലി പെൻഷൻ കൂടി നൽകാനുള്ള തീരുമാനത്തിന് അടിയന്തരമായി നടപടി എടുക്കുമോ ?

ഉത്തരം

(എ) ഈ വിഷയത്തിൽ 19138/പെൻ ബി4/2014/ഫിൻ നമ്പർ ഫയൽ നിലവിലുണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly